**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 260** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>നഗരങ്ങളുടെയും റോഡുകളുടെയും പാലങ്ങളുടെയും സൗന്ദര്യവൽക്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. സനോജ്

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ വിവിധ നഗരങ്ങളുടേയും റോഡുകളുടേയും പാലങ്ങളുടേയും സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി സ്ഥാപിക്കുന്ന അലങ്കാര വിളക്കുകളുടെ പരിപാലനം അവയുടെ ഡി.എൽ.പി. കാലാവധിക്ക് ശേഷം നിർവ്വഹിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നത് പരിഗണിക്കാമോ;

**<u>മറുപടി:</u>** തെരുവ് വിളക്കുകളുടെ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. എന്നാൽ നഗരങ്ങളുടെയും റോഡുകളുടെയും പാലങ്ങളുടെയും സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി സ്ഥാപിക്കുന്ന അലങ്കാര വിളക്കുകളുടെ പരിപാലനം നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിമാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ല. അതിനാൽ അലങ്കാര വിളക്കുകളുടെ വൈദ്യുതി ബില്ല് തനതുഫണ്ടിൽ നിന്നും ചെലവഴിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**(ബി)** പ്രസ്തുത അലങ്കാര വിളക്കുകളുടെ വൈദ്യുതി ബില്ല് തനത് ഫണ്ടിൽ നിന്നും ചെലവാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നത് പരിഗണിക്കാമോ?

**<u>മറുപടി:</u>** തെരുവ് വിളക്കുകളുടെ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. എന്നാൽ നഗരങ്ങളുടെയും റോഡുകളുടെയും പാലങ്ങളുടെയും സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി സ്ഥാപിക്കുന്ന അലങ്കാര വിളക്കുകളുടെ പരിപാലനം നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിമാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ല. അതിനാൽ അലങ്കാര വിളക്കുകളുടെ വൈദ്യുതി ബില്ല് തനതുഫണ്ടിൽ നിന്നും ചെലവഴിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**